**പി.പി.കെ സിയാദ്, ജിദ്ദ** **മിനിക്കഥ ■**

# പ്രവാസി



**പുതിയ** വീട്ടിൽ താമസം തുടങ്ങാമല്ലോ എന്ന സന്തോഷത്തിലാണ് അൻവർ ഇത്തവണ നാട്ടിലേക്ക് തിരിച്ചത്.

കഴിഞ്ഞ പതിനഞ്ച് വർഷമായി ഗൾഫിലെ വിവിധ ഫ്ളാറ്റുകളിൽ കുടുംബ സമേതം താമസിക്കുന്ന അൻവറിന്റെ അയൽക്കാരിൽ വിവിധ രാജ്യക്കാരുണ്ട്. മക്കൾക്ക് വിവിധ ഭാഷക്കാരായ കൂട്ടുകാരും ഉണ്ടായിരുന്നു. ഗൾഫിലെ ഇടുങ്ങിയ ഫ്ളാറ്റ് ജീവിതത്തിൽനിന്ന് നാട്ടിലെ വിശാലമായ തറവാട് വീട്ടിലേക്കുള്ള വർഷത്തിലെ ഒരു മാസ യാത്ര ഏറ്റവും ആഘോഷിക്കുന്നത് മക്കളാണ്.

നാട്ടിൽ എത്തിയതിന്റെ പിറ്റേന്ന് രാവിലെ കാറിൽ തറവാട് വീട്ടിൽനിന്ന് ഭാര്യയും മക്കളുമൊത്ത് പണി കഴിഞ്ഞ പുതിയ വീട്ടിലേക്ക് പുറപ്പെട്ടു. കാർ ഗെയ്റ്റിന് മുമ്പിൽ നിർത്തി പുറത്തിറങ്ങുമ്പോൾ പുതിയ വീടും പരിസരവും കണ്ട് സന്തോഷത്താൽ മതിമറന്ന്, ഇളയ മകൻ അമാൻ മൂത്ത മകൻ ദിൽഷനോട് ചോദിച്ചു: "ഇക്കാക്ക, ആദ്യം നമുക്ക് വീടിന്റെ അടുത്ത് വല്ല മലയാളി കുടുംബവും ഉണ്ടോ എന്ന് നോക്കാം."

പ്രവാസം മക്കൾക്ക് നൽകിയ ജീവിതാനുഭവങ്ങളെയോർത്ത് അൻവറും ഭാര്യയും ഒരു നിമിഷം സ്തബ്ധരായി. ■

**■ കവിത**

**പുരുഷൻ ചെറുകുന്ന്**

# പാതകം



**ചെറുത്തുനിൽപുകൾക്കൊടുവിലും**
കീഴടങ്ങാത്തവന്റെ
മരണമൊഴിയെ
ആത്മഹത്യാക്കുറിപ്പെന്നല്ല
പറയേണ്ടത്.
ചെറുത്തു നിൽക്കുന്നവന്റെ
പൊള്ളുന്ന വാക്കുകൾ
കുറ്റപത്രം കൊണ്ടും
മരണവാറണ്ടു കൊണ്ടും മൂടുന്ന
ഭീരു
കൊലപാതകി തന്നെയാണ്!